**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4590** **10-08-2021 - ൽ മറുപടിയ്ക്ക്**

**കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിയിൽ ഓടാൻ കഴിയാത്ത ടൂറിസ്റ്റ് വാഹനങ്ങളുടെ നികുതി ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | ടൂറിസ്റ്റ് വാഹാനങ്ങളടക്കമുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് 01.04.2020 മുതൽ ഏതാനും ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഓടാത്ത വാഹനങ്ങൾക്ക് G-Form നൽകി നികുതി പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വാഹനങ്ങളുടെ 01/04/2021, 01/07/2021 ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധിയിൽ സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിനും, ഇൻഷ്വറൻസ്, വാഹനനികുതി എന്നിവ അടയ്ക്കുന്നതിനും സാവകാശം അനുവദിക്കുമോ; | (ബി) | സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 17.06.2021 ലെ RT-11036/35/2020-MVL ഉത്തരവു പ്രകാരം 30.09.2021 വരെ സാവകാശം നൽകിയിട്ടുണ്ട്. വാഹന നികുതി അടക്കുന്നതിന് കാലാവധി നീട്ടി നൽകിയതിന്റേയും ഒഴിവാക്കിയതിന്റേയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വാഹന ഉടമകളുടെ ബാങ്ക് വായ്പയുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിന്, സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ച് ചേർത്ത് അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ഇൻഷുറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | വാഹന നികുതി ഏതു കാലയളവിലേക്കാണ് ഒഴിവാക്കിയത് / സമയം ദീർഘിപ്പിച്ചു നൽകിയതിന്റെയും വിവരങ്ങൾ | സർക്കാർ ഉത്തരവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോൺട്രാക്ട് കാര്യേജ് (ഓട്ടോ, ടാക്സി, ടൂറിസ്റ്റ് പെർമിറ്റ് ട്രാവലർ) | 01.04.2020 – 30.06.2020 | ജി.ഒ. (പി) നം.40/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15.08.2020 വരെ ദീർഘിപ്പിച്ചു. |
| | | | ജി.ഒ.(പി) നം.13/2020 | നികുതിയിൽ 20% ഇളവ് നൽകി. |
| | | 01.07.2020 – 30.09.2020 | ജി.ഒ.(പി) നം.45/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.10.2020 – 31.12.2020 | ജി.ഒ.(പി) നം.60/2020 | നികുതിയിൽ 50% ഇളവ് നൽകി. |
| | | | ജി.ഒ.(പി) നം.52/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30.11.2020 വരെ ദീർഘിപ്പിച്ചു. |
| | | 01.01.2021 – 31.03.2021 | ജി.ഒ.(പി) നം.9/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.04.2021 – 30.06.2021 | ജി.ഒ.(പി) നം.14/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.05.2021 വരെ ദീർഘിപ്പിച്ചു. |
| | | 01.04.2021 – 30.09.2021 | ജി.ഒ.(പി) നം.21/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.08.2021 വരെ ദീർഘിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**